**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2989** **18-03-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ പാർക്കിന് സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി ഇറിഗേഷന്റെ പേരാമ്പ്ര-എരവട്ടൂർ വില്ലേജിൽ ഉപയോഗശൂന്യമായി സ്ഥിതി ചെയ്യുന്ന ഭൂമിയിൽ നിന്നും രണ്ട് ഏക്കർ സ്ഥലം വ്യവസായ പാർക്ക് രൂപീകരിക്കുന്നതിനായി ആവശ്യപ്പെട്ടത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | കുറ്റ്യാടി പ്രോജക്റ്റ് ഡിവിഷന്റെ അധീനതയിലുള്ള കൊയിലാണ്ടി താലൂക്കിൽ എരവത്തൂർ വില്ലേജിൽ കിഴിഞ്ഞാണ്യം ദേശത്ത് റീസർവ്വേ നമ്പർ.17/2 ബി-യിൽ ഉൾപ്പെടുന്ന സ്ഥലത്ത് 5 ഏക്കർ സ്ഥലമാണ് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് ആവശ്യപ്പെട്ടിരിക്കുന്നത്. ആയതിൽ 1.748 ഏക്കർ സ്ഥലം ഒഴിഞ്ഞ് കിടക്കുന്നു എന്ന കെ.വൈ.ഐ.പി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ചീഫ് എഞ്ചിനീയർ, പ്രോജക്റ്റ് - 1 -ൽ നിന്നും പ്രസ്തുത സ്ഥലത്തിന്റെയും പ്ലോട്ടിന്റെയും ലൊക്കേഷൻ സ്കെച്ച്, സൈറ്റ് പ്ലാൻ തുടങ്ങിയവ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ